"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - പാലക്കാട് വാണിയംകുളം TRK ഹയർ സെക്കൻഡറി സ്കൂളിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ ബിജുമോൻ പി സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.4354/2025/GEDN    തീയതി,തിരുവനന്തപുരം, 01-07-2025

---

പരാമർശം:-
1. ശ്രീ ബിജുമോൻ പി സമർപ്പിച്ച 03/10/2024 ലെ റിവിഷൻ ഹർജി
2. ശ്രീ ബിജുമോൻ പി സമർപ്പിച്ച 09/11/2024 ലെ ന്യായവാദ പത്രിക
3. മാനേജർ, ടി.ആർ.കെ ഹയർ സെക്കൻഡറി സ്കൂൾ, വാണിയംകുളം സമർപ്പിച്ച 12/11/2024 ലെ ഹിയറിംഗ് കുറിപ്പുകൾ
4. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/11/2024 ലെ ഡി ഇ ഒ ഒടിപി/2901/2024 നമ്പർ കത്ത്
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 16/11/2024 ലെ വിഎ 5/22582/2024/ഡി.ജി.ഇ നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് വാണിയം കുളം TRK ഹയർ സെക്കൻഡറി സ്കൂളിലെ ഓഫീസ് അറ്റൻഡൻറ് ശ്രീ ബിജുമോൻ പി, ടിയാനെതിരെ സ്കൂൾ മാനേജർ സ്വീകരിച്ച അച്ചടക്ക നടപടിക്കെതിരെ അപ്പീൽ സമർപ്പിക്കുന്നതിന് വന്ന കാലതാമസം മാപ്പാക്കുന്നതിനും ശിക്ഷയിൽ ഇളവ് ലഭിക്കുന്നതിനുമായി പരാമർശം (1) റിവിഷൻ ഹർജി സർക്കാരിൽ സമർപ്പിച്ചിരുന്നു.

2. മേൽ റിവിഷൻ ഹർജി പരിശോധിക്കുന്നതിന്റെ ഭാഗമായി പൊതു വിദ്യാഭ്യാസ (ഡി.എ) വകുപ്പ് അണ്ടർ സെക്രട്ടറി 16/11/2024-ന് ഓൺലൈനായി നേരിൽ കേൾക്കുകയുണ്ടായി. ശ്രീ ബിജുമോൻ പി, മാനേജർ, ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ

ഡയറക്ടർ എന്നിവരുടെ പ്രതിനിധികൾ എന്നിവർ ഹിയറിംഗിൽ പങ്കെടുക്കുകയുണ്ടായി.

3. ശ്രീ ബിജുമോൻ പിയുടെ വാദങ്ങൾ

i) ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസിൻ്റെ പരിധിയിൽപ്പെട്ട വാണിയംകുളം TRK ഹയർ സെക്കണ്ടറി സ്കൂളിൽ 20/7/2000 മുതൽ ഫുൾ ടൈം മീനിയൽ തസ്തികയിൽ ജോലി ചെയ്തു വന്നിരുന്ന തന്നെ സ്കൂൾ മാനേജർ 24/5/2014 മുതൽ 15 ദിവസത്തേക്ക് സസ്പെൻഡ് ചെയ്തിരുന്നു. അനധികൃതമായി സ്കൂളിൽ ഹാജരാകുന്നില്ല എന്നും, കൃത്യമായി അവധി അപേക്ഷ നൽകുകയോ, വരാതിരിക്കുന്നതിൻ്റെ കാരണം ബോധിപ്പിക്കുകയോ ചെയ്യുന്നില്ല തുടങ്ങിയ കാരണങ്ങൾ ചൂണ്ടിക്കാട്ടിയാണ് ജോലിയിൽ നിന്നും സസ്പെൻഡ് ചെയ്തിരുന്നത്. സസ്പെൻഷന് ആധാരമായ വസ്തുതകൾ പരിശോധിക്കുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 03/06/2014 നു സ്കൂൾ സന്ദർശിച്ച്, കെ ഇ ആർ അധ്യായം XIV (A) ചട്ടം 67 (8) പ്രകാരം പ്രാഥമിക അന്വേഷണം നടത്തുകയും ഉത്തരവ് No. B3/3154/14 തീയതി 07/06/2014 പ്രകാരം, ഒരു മാസത്തിനകം അച്ചടക്ക നടപടി പൂർത്തീകരിക്കുന്നതിന് നിർദ്ദേശം നൽകി സസ്പെൻഷൻ കാലയളവ് 15 ദിവസത്തിൽ കൂടുതൽ ദീർഘിപ്പിക്കുന്നതിനു മാനേജർക്ക് അനുമതി നൽകിയിരുന്നു.

ii) ആയതു പ്രകാരം, മാനേജരുടെ 15/06/2014 ലെ ഉത്തരവ് പ്രകാരം സസ്പെൻഷൻ കാലയളവ് ഒരു മാസത്തേക്ക് കൂടി ദീർഘിപ്പിക്കുകയും, പിന്നീട് സ്കൂൾ മാനേജരുടെ ഉത്തരവ് നമ്പർ 01/2014 തിയ്യതി 08/07/2014 പ്രകാരം 15/07/2014 മുതൽ ജോലിയിൽ പ്രവേശിപ്പിക്കുകയും ചെയ്തിരുന്നു. തനിക്കെതിരെയുള്ള കുറ്റപത്രത്തിൽ താഴെ പറയുന്ന കുറ്റങ്ങൾ ആണ് മാനേജർ ചുമത്തിയിരുന്നത് .

1) പ്രധാന അദ്ധ്യാപകൻ വിഭജിച്ചു നൽകുന്ന ജോലികൾ ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നു.

2)ലീവ് അപേക്ഷ നൽകാതെയും സ്കൂളിൽ വിവരം നൽകാതെയും അനധികൃതമായി സ്കൂളിൽ ഹാജരാവാതിരിക്കുന്നു .

3)പ്രധാന അധ്യാപികയെ ഭീഷണിപ്പെടുത്തുന്നു .

iii) തനിക്ക് പെട്ടെന്നുണ്ടായ അസുഖങ്ങൾ കാരണം ആണ് 2014 ഏപ്രിൽ, മെയ് മാസങ്ങളിൽ കൃത്യമായി ജോലിക്കു ഹാജരാകാൻ കഴിയാതിരുന്നത് എന്നും, ഹാജരാകാത്ത ദിവസങ്ങളിലെ അവധി അപേക്ഷ പിന്നീട് പ്രഥമാധ്യാപികക്ക് സമർപ്പിച്ചിട്ടുണ്ട് എന്നും, തന്റെ അറിവില്ലായ്മ കൊണ്ട് യഥാസമയം അവധി അപേക്ഷ സമർപ്പിക്കുന്നതിൽ വീഴ്ച വന്നത്

മാപ്പാക്കണം, തന്റെ ഭാഗത്തു നിന്നും മറ്റെന്തെങ്കിലും തെറ്റുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ മാപ്പാക്കണമെന്നും, എന്നും മേലാൽ ഇത്തരം തെറ്റുകൾ ആവർത്തിക്കില്ല എന്നും, തന്റെ ജോലികൾ കൃത്യമായി നിർവ്വഹിക്കുന്നതാണെന്നും മാനേജർക്കു **18/6/2014** നും **14/7/2014** നും മാപ്പപേക്ഷ സമർപ്പിച്ചിരുന്നു. പിന്നീട് മാനേജരുടെ ഉത്തരവ് നമ്പർ **1/2014** തിയ്യതി **4/11/2014** പ്രകാരം തനിക്കെതിരെ ഒരുവർഷിക ഇൻക്രിമെന്റ്റ് സഞ്ചിത ഫലത്തോടെ സ്ഥിരമായി തടഞ്ഞുകൊണ്ടും സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയാക്കി പരിഗണിച്ചുകൊണ്ടും അച്ചടക്ക നടപടി പൂർത്തീകരിച്ചിരുന്നു .

**iv)**ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നൽകിയ അപ്പീൽ പരിഗണിച്ച്, ഒരുവർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെ തടയുന്ന കടുത്ത ശിക്ഷ നൽകിയത്, തനിക്കെതിരെ തെളിഞ്ഞ കുറ്റങ്ങൾക്ക് ആനുപാതികമായതിനേക്കാൾ കടുത്ത ശിക്ഷ ആണ് എന്ന് ബോധ്യപ്പെട്ടതിനാൽ, ശിക്ഷ ഇളവ് ചെയ്യുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മാനേജർക്ക് നിർദ്ദേശം നൽകുകയും, ഇത് സംബന്ധിച്ചു **23/07/2016** നു ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ വച്ച് ഒരു ഹിയറിങ് നടത്തുകയും ചെയ്തിരുന്നു. പ്രസ്തുത ഹിയറിങ്ങിനു ശേഷം മാനേജർ ഉത്തരവ് നമ്പർ **02/2014** തിയ്യതി **03/08/2016** പ്രകാരം മൂന്നു വർഷിക ഇൻക്രിമെൻ്റ് താൽക്കാലികമായി തടഞ്ഞുകൊണ്ടും സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയാക്കി പരിഗണിച്ചും ഉത്തരവായിരുന്നു.

**v) 23/07/2016** നു ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ വച്ച് നടത്തിയ ഹിയറിങ്ങിൽ, ഒരു വാർഷിക ഇൻക്രിമെൻ്റ് സഞ്ചിത ഫലത്തോടെ തടയുന്ന കടുത്ത ശിക്ഷ നൽകിയത്, തനിക്കെതിരെ തെളിഞ്ഞ കുറ്റങ്ങൾക്ക് ആനുപാതികമായതിൽ കൂടുതൽ ആണ് എന്ന് ബോധ്യപ്പെട്ടതിനാൽ, ഒരുവർഷിക ഇൻക്രിമെൻ്റ് സഞ്ചിത ഫലത്തോടെ സ്ഥിരമായി തടഞ്ഞ ശിക്ഷ ഒഴിവാക്കാമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചിരുന്നതാണ്. എന്നാൽ, അച്ചടക്ക നടപടി തീർപ്പാക്കിയത് മൂന്നു വർഷിക ഇൻക്രിമെൻ്റ് താൽക്കാലികമായി തടഞ്ഞുകൊണ്ടായിരുന്നു .

**vi)** ജില്ലാ വിദ്യാഭ്യാസ ഓഫീസർ ഹിയറിങ് വേളയിൽ അറിയിച്ചത് പ്രകാരം ഒരു ഇൻക്രിമെന്റ് മാത്രമേ താൽക്കാലികമായി തടഞ്ഞിരുന്നുള്ളൂ എന്നാണ് താൻ ധരിച്ചിരുന്നത്. മൂന്നു വർഷിക ഇൻക്രിമെന്റ്റ് താൽക്കാലികമായി തടഞ്ഞു കൊണ്ട് നൽകിയ ഉത്തരവ് തൻ്റെ ശ്രദ്ധയിൽപെട്ടിരുന്നില്ല. ആയതിനാൽ യഥാസമയം മേലധികാരികൾക്ക് അപ്പീൽ സമർപ്പിക്കാൻ കഴിഞ്ഞില്ല. എന്നാൽ, ഇപ്പോൾ, തൻ്റെ **22**

വർഷത്തെ സെലക്ഷൻ ഗ്രേഡ് അനുവദിക്കുന്നതിനുള്ള അപേക്ഷ, ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ തിരിച്ചയക്കുകയും, തനിക്ക് അനുവദിച്ചിരുന്ന 3 വർഷത്തെ വാർഷിക ഇൻക്രിമെന്റുകൾ തിരിച്ചടക്കാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

vii) ഈ സാഹചര്യത്തിൽ, താഴെ പറയുന്ന വസ്തുതകൾ പരിഗണിച്ചു ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവ് No. B3/3154/14 തീയതി 19/09/2016 പുനഃ പരിശോധിച്ച്, ശിക്ഷയിൽ പരമാവധി ഇളവ് നൽകി ഉത്തരവ് നൽകണം എന്ന് അപേക്ഷിക്കുന്നു.

1) തനിക്ക് അസുഖം വന്നത് കാരണം ആണ് 2014 ഏപ്രിൽ, മെയ് മാസങ്ങളിൽ കൃത്യമായി ജോലിക്കു ഹാജരാകാൻ കഴിയാതിരുന്നത്. ഞാൻ 2014 ഏപ്രിൽ ,മെയ് മാസങ്ങളിൽ ബ്രോങ്കിയൽ ആസ്ത്മയുടെ ചികിത്സയുമായി ബന്ധപ്പെട്ട് മെഡിക്കൽ സർട്ടിഫിക്കറ്റ് പ്രകാരമാണ് അവധി എടുത്തിരുന്നത്. അസുഖം ആയതിനാലാണ് ജോലിക്കു ഹാജരാകാൻ കഴിയാതിരുന്നത് എന്നാൽ മുൻകൂട്ടി അവധി അപേക്ഷ നൽകാതിരുന്ന തെറ്റ് മാപ്പാക്കണം എന്നും, ഹാജരാകാത്ത ദിവസങ്ങളിലെ അവധി അപേക്ഷ പിന്നീട് പ്രഥമാധ്യാപികക്ക് സമർപ്പിച്ചിട്ടുണ്ട് എന്നും, അറിവില്ലായ്മ കൊണ്ട് തന്റെ ഭാഗത്തു നിന്നും സംഭവിച്ച തെറ്റുകൾ മാപ്പാക്കണം എന്നും മേലാൽ ഇത്തരം തെറ്റുകൾ ആവർത്തിക്കില്ല എന്നും മാനേജർക്കു മാപ്പപേക്ഷ സമർപ്പിച്ചിരുന്നതാണ് ഹാജരാകാത്ത ദിവസങ്ങളിലെ അവധി അപേക്ഷ സമർപ്പിച്ചിട്ടുണ്ട് എന്നും, തന്നിൽ നിക്ഷിപ്തമായ ജോലികൾ കൃത്യമായി ചെയ്തു വരുന്നുണ്ട്

2) ഒരു വർഷിക ഇൻക്രിമെൻ്റ് സഞ്ചിത ഫലത്തോടെ തടയുന്ന, വളരെ കടുത്ത ശിക്ഷ ആദ്യം നൽകിയിരുന്നത്, തെളിഞ്ഞ കുറ്റത്തിന് ആനുപാതികമല്ല എന്ന് ബോധ്യപ്പെട്ടതിനാൽ ആയിരുന്നു ശിക്ഷ ഇളവ് ചെയ്യുന്നതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കെ ഇ ആർ അധ്യായം XIV (A ) ചട്ടം 75 (A) പ്രകാരം മാനേജർക്ക് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ, മൂന്നു വർഷത്തെ ഇക്രിമെൻറ് താൽക്കാലികമായി തടഞ്ഞുകൊണ്ടുള്ള ശിക്ഷ നൽകിയത് കടുത്ത നീതി നിഷേധവും, ശിക്ഷയിൽ ഇളവ് ലഭിക്കാത്തതിന് തുല്യവുമാണ് .

3) കടുത്ത ശിക്ഷ നൽകുന്നത് സംബന്ധിച്ചു KER അദ്ധ്യായം XIV(A) Rule 75 പ്രകാരം നിഷ്കർഷിച്ചിട്ടുള്ള നടപടി ക്രമങ്ങൾ പാലിച്ചു തനിക്ക് നൽകിയ ചാർജ് മെമ്മോ കുറ്റാറ്റാരോപണ പത്രിക എന്നിവയിൽ ജില്ലാ വിദ്യാഭ്യാസ ഓഫീസർ വിശദാന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടില്ല. അവധി അപേക്ഷ യഥാസമയം നൽകി പ്രധാനാധ്യാപികയുടെ അനുമതി

വാങ്ങാതെ ജോലിക്കു ഹാജരായില്ല എന്ന് മാത്രമാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ അന്വേഷണത്തിൽ തെളിഞ്ഞിരിക്കുന്നത്. KER അദ്ധ്യായം XIV(A) ചട്ടം 76 പ്രകാരം ലഘുവായ ശിക്ഷകൾ നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയാക്കി കടുത്ത ശിക്ഷ നൽകിയത് ചട്ട പ്രകാരം നില നിൽക്കുന്നതല്ല.

viii) അച്ചടക്ക നടപടികൾക്ക് ശേഷം, 2015 ൽ സീനിയർ ഗ്രേഡ്, 2016 ൽ ശമ്പള പരിഷ്കരണം എന്നിവയുടെ കുടിശ്ശികയിൽ നിന്നും ഒരു വാർഷിക ഇൻക്രെമെന്റ് കുറവ് ചെയ്തിരുന്നു എന്നാണ് താൻ ധരിച്ചിരുന്നത്. പിന്നീടുള്ള വാർഷിക ഇൻക്രിമെന്റുകൾ എല്ലാം യഥാസമയം തനിക്ക് അനുവദിച്ചു നൽകുകയും, ലഭിച്ച ശമ്പളം എല്ലാം ദൈനംദിന ചെലവുകൾക്കായി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. തന്റെ ശമ്പളത്തിൽ നിന്നുള്ള ഏക വരുമാനം കൊണ്ടാണ് താൻ കുടുംബം നോക്കി വരുന്നത്. 7 വർഷങ്ങൾക്കു ശേഷം, ഇപ്പോൾ പ്രസ്തുത തുക ഒന്നിച്ചു തിരിച്ചടക്കണം എന്ന നിർദ്ദേശം, തനിക്ക് വളരെയധികം സാമ്പത്തിക ബുദ്ധിമുട്ടു സൃഷ്ടിക്കുന്നതാണ്. ഈ സാഹചര്യത്തിൽ, മാനുഷിക പരിഗണന നൽകി ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ B3/3154/14 തീയതി 19/9/2016 ഉത്തരവ് പുനഃ പരിശോധിച്ച് ശിക്ഷയിൽ പരമാവധി ഇളവ് നൽകി ഉത്തരവ് നൽകണം എന്ന് അപേക്ഷിക്കുന്നു

4. മാനേജരുടെ വാദങ്ങൾ

i) ശ്രീ ബിജുമോൻ പി, ഓഫീസ് അറ്റൻ്റൻ്റ്, ഫുൾടൈം മീനിയലായി സേവനമനുഷ്ഠിച്ചുവന്ന കാലത്ത് സർവീസിൽനിന്ന് സസ്പെൻഡ് ചെയ്യുകയും, അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തത് മുൻ മാനേജരുടെ കാലയളവിലാണ്. ഈ നടപടികൾക്കെല്ലാം ശേഷമാണ് താൻ മാനേജരുടെ ചുമതല നിർവഹിച്ചുവരുന്നത്.

ii) 15/06/2014 തീയതിയിൽ ശ്രീ ബിജുമോന് കുറ്റപത്രവും കുറ്റാരോപണ പത്രികയും നൽകിയിട്ടുണ്ട്. എന്നാൽ ടിയാൻ യാതൊരു മറുപടിയും (പ്രതിവാദപത്രിക) സമർപ്പിക്കുകയുണ്ടായില്ല. കുറ്റപത്രത്തിനും, കുറ്റാരോപണ പത്രികക്കും മറുപടി പോലും നൽകാത്തതിനാലാവാം ചട്ടം 75 അനുശാസിക്കുന്ന വിശദാന്വേഷണത്തിലേക്ക് പോവാതിരുന്നതെന്ന് അനുമാനിക്കുന്നു. ചട്ടം 76 അനുസരിച്ചുള്ള ലഘു ശിക്ഷയായാണ് മൂന്ന് വാർഷിക ഇൻക്രിമെൻറ്, സഞ്ചിത പ്രാബല്യമില്ലാതെ കുറവു വരുത്തിയത്. അകാരണമായി ഡ്യൂട്ടിക്ക് ഹാജരാവാതിരുന്നതിനാലാണ് ടിയാനെ സർവീസിൽ നിന്ന് സസ്പെൻഡ് ചെയ്തത്. 24/05/2014 മുതൽ 14/07/2014 വരെയായിരുന്നു സസ്പെൻഷൻ കാലയളവ്. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ

ഓഫീസറുടെ അംഗീകാരത്തിന് വിധേയമായാണ് സസ്പെൻഷൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതും, അച്ചടക്ക നടപടി സ്വീകരിച്ചിട്ടുള്ളതും.

iii) ശ്രീ ബിജുമോൻ,നിലവിൽ ഒരു പരിധിവരെ കാര്യക്ഷമമായി ഡ്യൂട്ടി നിർവഹിക്കുന്നുണ്ട്. ഒരു ക്ലാസ് IV ജീവനക്കാരനായ ടിയാന് വാങ്ങിയ തുക തിരിച്ചടക്കുന്നതിന് സാമ്പത്തിക ബുദ്ധിമുട്ടുള്ളതായാണ് അറിയുന്നത്. ടിയാന്റെ മൂന്ന് വാർഷിക ഇൻക്രിമെന്റുകൾ താൽക്കാലികമായി തടഞ്ഞുകൊണ്ടുള്ള ശിക്ഷാവിധി ലഘൂകരിച്ച് സെൻഷ്വർ പോലുള്ള ശിക്ഷ നടപ്പിലാക്കുന്നതിൽ സ്കൂൾ മാനേജർക്ക് വിയോജിപ്പില്ല കൂടാതെ സസ്പെൻഷൻ കാലം അർഹതപ്പെട്ട അവധിയായി ക്രമീകരിക്കാവുന്നതാണ്.

5. ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവരുടെ അഭിപ്രായം

i) വാണിയംകുളം ടി ആർ കെ ഹൈസ്കൂളിൽ ഫുൾ ടൈം മീനിയൽ ആയി സേവനം അനുഷ്ഠിച്ചിരുന്ന ശ്രീ. പി .ബിജുമോനെ 24/05/2014 മുതൽ വേലവിലക്കിയതിനെ തുടർന്ന് 03/06/2014 ൽ നടത്തിയ പ്രാഥമികാന്വേഷണത്തിൽ ശ്രീ.ബിജുമോൻ മാനേജരുടെ അധികാരത്തെ ചോദ്യം ചെയ്തത് നിലനിൽക്കില്ലെന്നും ശ്രീ ബിജുമോൻ്റെ ഭാഗത്തുനിന്നും വീഴ്ചകൾ സംഭവിച്ചതായും ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ബോധ്യപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ സസ്പെൻഷൻ കാലയളവ് 15 ദിവസത്തിലധികം നീട്ടുന്നതിനും, 1 മാസത്തിനകം അച്ചടക്ക നടപടികൾ പൂർത്തീകരിക്കണം എന്നും നിർദ്ദേശിച്ച് ഉത്തരവായി.

ii) തുടർന്ന് മാനേജർ, ശ്രീ.ബിജുമോന് 15/06/2024 ന് കുറ്റാരോപണപത്രികയും കുറ്റപത്രവും നൽകുകയുണ്ടായി. എന്നാൽ ടിയാനെ 15/07/2014 ന് സർവീസിൽ തിരികെ പ്രവേശിപ്പിച്ചു. ശ്രീ.ബിജുമോൻ, മാനേജരുടെ കുറ്റപത്രത്തിനും കുറ്റാരോപണ പത്രത്തിനും മറുപടി നൽകുകയുണ്ടായില്ല. മാപ്പപേക്ഷ മാത്രമാണ് നൽകിയത്. എന്നാൽ ചട്ടം 75 പ്രകാരം അന്വേഷണം നടത്തുന്നതിന് മാനേജർ പ്രത്യേകം അപേക്ഷ സമർപ്പിച്ചിട്ടില്ല. മാത്രമല്ല, മേജർ പെനാൽട്ടി ആയി മാനേജർ ടിയാനെതിരെയുള്ള നടപടി കണക്കാക്കിയിട്ടുമില്ല. എന്നാൽ ഒരു വാർഷിക ഇൻക്രിമെന്റ് സ്ഥിരമായി തടയുകയും സേവനത്തിൽ നിന്നും വിട്ടുനിന്ന കാലം അർഹതപ്പെട്ട അവധിയായി പരിഗണിക്കുന്നതിനും മാനേജർ ഉത്തരവ് നൽകിയിരുന്നു.

iii) മാനേജരുടെ നടപടി കടുത്ത ശിക്ഷയാണ് എന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നടപടി പുനഃപരിശോധിക്കുവാൻ നിർദ്ദേശം നൽകുകയും ആയതിൻ്റെ അടിസ്ഥാനത്തിൽ 3 വാർഷിക

ഇൻക്രിമെൻ്റുകൾ താൽക്കാലികമായി തടഞ്ഞു കൊണ്ടും സസ്പെൻഷൻ കാലം മറ്റ് അർഹതപ്പെട്ട അവധിയായി മാറ്റുന്നതിന് അനുമതി നൽകിക്കൊണ്ടും മാനേജർ ഉത്തരവ് നൽകിയിരുന്നു.

iv) പിന്നീട് ടിയാന്റെ സെലക്ഷൻ ഗ്രേഡിനുള്ള അപേക്ഷ പരിശോധിച്ചതിൽ സേവനത്തിൽ നിന്നും വിട്ടുനിന്ന കാലം അർഹതപ്പെട്ട അവധിയായി പരിഗണിച്ചിട്ടുണ്ട് എന്നും 3 വാർഷിക ഇൻക്രിമെന്റുകൾ താൽക്കാലികമായി തടഞ്ഞ വിവരം സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും എന്നാൽ ടിയാന്റെ ശമ്പളത്തിൽ നിന്നും വാർഷിക ഇൻക്രിമെൻ്റ് തടഞ്ഞിട്ടില്ല എന്നും മാത്രമല്ല ആർജ്ജിത അവധികൾ തെറ്റായി കൈപ്പറ്റുകയും ചെയ്തിട്ടുമുണ്ട് എന്ന് കാണുകയുണ്ടായി.

v) വാർഷിക ഇൻക്രിമെൻ്റുകൾ താൽക്കാലികമായി തടഞ്ഞ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപെട്ട സമയത്ത്, അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നു. ഇക്കാര്യത്തിൽ ഈ തുക പ്രധാന അധ്യാപികയുടെ ബാധ്യതയായി കണക്കാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിലാണ് ശ്രീ ബിജുമോൻ സർക്കാരിലേക്ക് അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. 2014 ൽ തന്നെ തീർപ്പാക്കിയ ഒരു അച്ചടക്ക നടപടി സംബന്ധിച്ച് വർഷങ്ങളേറെ കഴിഞ്ഞിട്ടും പരാതിയോ അപ്പീലോ സമർപ്പിക്കപ്പെട്ടിട്ടില്ലാത്തതാണ്. ഇപ്പോൾ അധികമായി കൈപ്പറ്റിയ തുക കണ്ടു പിടിച്ചപ്പോഴാണ് ഇത് സംബന്ധിച്ച് റിവിഷൻ ഹർജി ഫയൽ ചെയ്തിട്ടുള്ളത്. ഈ ഇൻക്രിമെന്റ് തെറ്റായി അനുവദിച്ച പ്രധാനാദ്ധ്യാപികയും ഈ കാര്യത്തിൽ വീഴ്ച വരുത്തിയതായി കാണാൻ കഴിയുന്നതാണ്. ശ്രീ. ബിജുമോന് അനർഹമായി അനുവദിച്ച ഇൻക്രിമെൻ്റുകൾ തിരിച്ചുപിടിക്കുന്നതിന് ഉത്തരവാകണമെന്ന് ഒറ്റപ്പാലം ജില്ലാ വിദ്യാഭ്യാസ ഓഫീസർ അപേക്ഷിക്കുന്നു.

6. ലഭ്യമായ രേഖകൾ, ഹിയറിംഗ് വേളയിൽ നൽകിയ മൊഴികൾ, റിപ്പോർട്ടുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി.

7. ഗുരുതരമായ കൃത്യവിലോപം, അനധികൃതമായി നിരന്തരം ജോലിക്ക് ഹാജരാക്കാതിരിക്കൽ, ജോലിക്ക് വരാത്ത ദിവസങ്ങളിൽ ഹാജർ പട്ടികയിൽ ഹാജർ രേഖപ്പെടുത്താൻ സമ്മതിക്കാത്തതിന് പ്രധാന അദ്ധ്യാപികയെ ഭീഷണിപ്പെടുത്തൽ മുതലായവയായിരുന്നു ശ്രീ. പി.ബിജുമോന്റെ പേരിൽ ആരോപിക്കപ്പെട്ട പ്രധാന കുറ്റങ്ങൾ.

പെട്ടന്നുണ്ടായ അസുഖങ്ങൾ കാരണം 2014 ഏപ്രിൽ, മെയ് മാസങ്ങളിൽ കൃത്യമായി ജോലിക്ക് ഹാജരാകുവാൻ സാധിച്ചില്ല എന്നും ബന്ധപ്പെട്ട ലീവ് അപേക്ഷകൾ സ്കൂൾ ഓഫീസിൽ സമർപ്പിച്ചിരുന്നു എന്നുമാണ് സസ്പെൻഷൻ പിൻവലിക്കുന്നതിന് സമർപ്പിച്ച മാപ്പപേക്ഷയിൽ ടിയാന്റെ വാദം.

8. കുറ്റപത്രത്തിന് ടിയാൻ പ്രതിവാദ പത്രിക സമർപ്പിച്ചിരുന്നില്ല. 04/11/2014-ലെ ഉത്തരവ് പ്രകാരം ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സ്ഥിരമായി തടഞ്ഞുകൊണ്ടും സസ്പെൻഷൻ കാലയളവ് അർഹതപ്പെട്ട അവധിയായി പരിഗണിച്ചുമാണ് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത്. ടിയാനെതിരെ ആരംഭിച്ച അച്ചടക്ക നടപടി ലഘു ശിക്ഷയുടെ നടപടിക്രമങ്ങൾ പാലിച്ചാണ് പൂർത്തിയാക്കിയിരിക്കുന്നത് എന്നതിനാൽ ഒരു വാർഷിക ഇൻക്രിമെന്റ് സ്ഥിരമായി തടയുവാൻ സാധിക്കില്ല. വിദ്യാഭ്യാസ ഓഫീസറുടെ നിർദ്ദേശത്തെതുടർന്ന് ആയത് പുനഃപരിശോധിച്ച് 3 വാർഷിക ഇൻക്രിമെന്റുകൾ താൽക്കാലികമായി തടഞ്ഞ് തീർപ്പാക്കുകയുണ്ടായി. ആയത് ലഘുശിക്ഷയുടെ ഗണത്തിൽപ്പെടുന്ന ശിക്ഷയാണ്.

9.പ്രസ്തുത അച്ചടക്ക നടപടി തീർപ്പാക്കിയത് സംബന്ധിച്ച വിവരം ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. എന്നാൽ ആയത് പരിശോധിക്കാതെ ടിയാന്റെ വാർഷിക ഇൻക്രിമെന്റുകൾ കൃത്യമായി അനുവദിക്കുകയുണ്ടായി. പ്രസ്തുത ഇന്ക്രിമെന്റുകൾ കൂടി കണക്കാക്കി തുടർന്നുവന്ന ശമ്പള പരിഷ്കരണങ്ങളും ആയതിന്റെ കുടിശ്ശികയും അനുവദിച്ചിട്ടുള്ളതും ടിയാന്റെ സമയ ബന്ധിത ഹയർ ഗ്രേഡുകൾ അനുവദിച്ചിട്ടുള്ളതുമാണ്. കൂടാതെ കാലാകാലങ്ങളായി ടിയാൻ സറണ്ടർ ആനുകൂല്യങ്ങളും കൈപ്പറ്റിയിട്ടുള്ളതാണ്.

10. ടിയാന്റെ സെലക്ഷൻ ഗ്രേഡിനുള്ള അപേക്ഷ പരിശോധിച്ചതിൽ വാർഷിക ഇൻക്രിമെൻ്റുകൾ താൽക്കാലികമായി തടഞ്ഞ ഉത്തരവ് പാലിക്കപ്പെട്ടിട്ടില്ല എന്ന വിവരം ശ്രദ്ധയിൽ പെട്ടതിനെ തുടർന്ന് അധികമായി കൈപ്പറ്റിയ തുക തിരിച്ചടക്കുന്നതിന് നിർദ്ദേശം നൽകിയ സാഹചര്യത്തിലാണ് ശ്രീ ബിജുമോൻ സർക്കാരിലേക്ക് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. 2014 ൽ തീർപ്പാക്കിയ ഒരു അച്ചടക്ക നടപടി സംബന്ധിച്ച് വർഷങ്ങളേറെ കഴിഞ്ഞിട്ടും പരാതിയോ അപ്പീലോ സമർപ്പിക്കപ്പെട്ടിട്ടില്ലാത്തതാണ്. ഇൻക്രിമെന്റ് തെറ്റായി അനുവദിച്ച പ്രധാനാദ്ധ്യാപികയും ഈ കാര്യത്തിൽ വീഴ്ച വരുത്തിയതായി കാണാൻ കഴിയുന്നതാണ്. ഈ തുക പ്രധാന അധ്യാപികയുടെ ബാധ്യതയായി

കണക്കാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

11. ടിയാനെതിരായി ആരോപിക്കപ്പെട്ട കുറ്റങ്ങൾ ശരിയാണെന്ന് ബോധ്യപ്പെട്ടതായാണ് ജില്ലാ വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. ആയതിനാൽ ടിയാനെ പൂർണ്ണമായി കുറ്റ വിമുക്തനാക്കുവാൻ സാധിക്കില്ല. എന്നാൽ സമാനമായ വീഴ്ച ശ്രീ ബിജുമോൻ പിന്നീട് ആവർത്തിച്ചതായി റിപ്പോർട്ട് ചെയ്തിട്ടില്ല എന്ന വസ്തുത പരിഗണിച്ചും ടിയാന് തെറ്റായി ഇൻക്രിമെന്റ് അനുവദിച്ചത് ടിയാന്റെ ഭാഗത്തു നിന്നും ഉണ്ടായ വീഴ്ച അല്ലാത്തതിനാലും പ്രസ്തുത ഭാരിച്ച തുക തിരികെ ഒടുക്കുന്നതിന് ലാസ്റ്റ് ഗ്രേഡ് ജീവനക്കാരനായ ടിയാന് പ്രായോഗിക ബുദ്ധിമുട്ടുണ്ട് എന്നത് പരിഗണിച്ചും മാനുഷിക പരിഗണന നൽകി ശ്രീ ബിജുമോന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ 3 വർഷത്തേക്ക് തടഞ്ഞ നടപടി പുനഃപരിശോധിച്ച് ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലമില്ലാതെ 1 വർഷത്തേക്ക് തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ANITHA RAJ V**

അണ്ടർ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

മാനേജർ, ടി.ആർ.കെ ഹയർ സെക്കൻഡറി സ്കൂൾ, വാണിയംകുളം, പിൻ 679552

ശ്രീ ബിജുമോൻ പി,ഓഫീസ് അറ്റൻഡൻറ്, ടി.ആർ.കെ ഹയർ സെക്കൻഡറി സ്കൂൾ, വാണിയംകുളം, പാലക്കാട്

ജില്ലാ വിദ്യാഭ്യാസ ഓഫീസർ,ഒറ്റപ്പാലം

അക്കൌണ്ടൻറ് ജനറൽ (A&E/ഓഡിറ്റ്) കേരള തിരുവനന്തപുരം

വെബ് കൈറ്റ്സ് ന്യൂ മീഡിയ

കരുതൽ ഫയൽ (ഫയൽ നമ്പർ DA3/189/2024)

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
Date: 01-07-2025 16:05:40

പകർപ്പ് : ബഹു പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതു വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എക്ക്